(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഇ) അനുപാതത്തിൽ കുറവ് വന്നിട്ടുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലത്തിൽ നടപടിയെടുത്തിട്ടുണ്ട്.

എച്ച്. എസ്. എ. നിയമനം

48 [2265] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണക്ക് വിഷയത്തിൽ എത്ര ഹൈസ്കൂൾ അദ്ധ്യാപകർക്ക് എച്ച്.എസ്.എ. പ്ലസ് ടു ഹയർ സെക്കണ്ടറിയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥാനക്കയറ്റം ഉണ്ടായ ഒഴിവിലേക്ക് നിലവിലുള്ള പി.എസ്.സി. (എച്ച്.എസ്.എ. കണക്ക്) ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ എത്ര എച്ച്.എസ്.എ. കണക്ക് അദ്ധ്യാപകർക്ക് പ്ലസ് ടു ഹയർ സെക്കണ്ടറി അദ്ധ്യാപകരായി സ്ഥാനക്കയറ്റം ലഭിച്ചുവെന്ന് വിശദമാക്കാമോ; നിലവിലുള്ള കണക്ക് അദ്ധ്യാപക ലിസ്റ്റിൽ (എച്ച്.എസ്.എ.) നിന്നും ഇനി എത്ര പേർക്ക് നിയമനം ലഭിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ കണക്ക് വിഷയത്തിൽ 140 പേർക്ക് ഹയർ സെക്കണ്ടറിയിലേക്ക് തസ്തിക മാറ്റം വഴി നിയമനം ലഭിച്ചിട്ടുണ്ട്.

(ബി) നെറ്റ് വേക്കൻസികളുടെ 50% പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതാണ്.

(സി) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമനം നടത്തുന്നത് സംസ്ഥാനതലത്തിലായതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. നിലവിലുള്ള കണക്ക് അദ്ധ്യാപക ലിസ്റ്റിൽ (എച്ച്.എസ്.എ.) നിന്നും എത്ര പേർക്ക് ഹയർസെക്കണ്ടറിയിലേക്ക് നിയമനം ലഭിക്കുമെന്ന് വ്യക്തമായ വിവരം ഇപ്പോൾ ലഭ്യമല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly